LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാൻ നടപടി

128 [1846] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് എത്ര മാസത്തെ പെൻഷൻ കുടിശ്ശികയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈയിനത്തിൽ എത്ര തുക വിതരണം ചെയ്യാനുണ്ട് ;

(സി) കുടിശ്ശിക തുക വിതരണം ചെയ്യുന്നതിൽ കാലതാമസം വന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 9 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്.

(ബി) 350 ലക്ഷം രൂപ.

(സി) ഫണ്ടിന്റെ അപര്യാപ്തതയാണ് കാലതാമസത്തിന് കാരണം.

(ഡി) ഇതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. മാർച്ച് മാസത്തിൽതന്നെ വിതരണം നടത്താൻ കഴിയുന്നതാണ്.

മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള സ്റ്റൈപ്പന്റ്

129 [1847] ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ ബി.എഡ്. കോളേജുകളിൽ പഠിക്കുന്ന മക്കൾക്ക് ഗവൺമെന്റിൽ നിന്നും നൽകിവന്ന സ്റ്റൈപ്പന്റ് നിർത്തലാക്കിയിട്ടുണ്ടോ ;

(ബി) മത്സ്യത്തൊഴിലാളികളുടെ എയ്ഡഡ് കോളേജുകളിൽ പഠിക്കുന്ന കുട്ടികളുടെ സ്റ്റൈപ്പന്റ് നിർത്തലാക്കിക്കൊണ്ട് ഗവൺമെന്റ് എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.